MAHATMA GANDHI UNIVERSITY
PRIYADARSINI HILLS P.O., KOTTAYAM,
KERALA, INDIA, 686560
Established by Kerala State Legislature by Notification No. 3431/Leg.CI/85/Law, dated 17th April 1985
NAAC GRADE A++

വാർത്താക്കുറിപ്പ്
2026 നവംബർ 26

മഹാത്മാഗാന്ധി സർവകലാശാലയിൽ ഭരണഘടനാദിനം ആചരിച്ചു

ഇന്ത്യൻ ഭരണഘടന അംഗീകരിക്കപ്പെട്ടതിന്റെയും ഭരണഘടനാ ശിൽപ്പി ബാബാസാഹിബ് ഡോ. ബി.ആർ. അംബേദ്കറിന് ആദരവ് അർപ്പിക്കുന്നതിന്റെയും ഭാഗമായി മഹാത്മാഗാന്ധി സർവകലാശാലയിൽ ഭരണഘടനാദിനം ആചരിച്ചു.
ഇതിനോടനുബന്ധിച്ച് സർവകലാശാല ഭരണവിഭാഗം മന്ദിരത്തിലെ ചത്വരത്തിൽ സംഘടിപ്പിച്ച ചടങ്ങിൽ വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി മാവൂതു ഇന്ത്യൻ ഭരണഘടനയുടെ ആമുഖം വായിച്ചു. നീതി, സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ ഭരണഘടനാ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് നടന്ന പരിപാടിയിൽ സർവകലാശാല ജീവനക്കാർ, ഫിനാൻസ് ഓഫീസർ ബിജു മാത്യു എന്നിവരും പങ്കെടുത്തു.
പി.ആർ.ഒ/1061/2026

തൊഴിൽ മേള

മഹാത്മാഗാന്ധി സർവകലാശാല മോഡൽ കരിയർ സെന്ററിൽ 370-ലധികം ഒഴിവുകളിലേക്ക് സൗജന്യ തൊഴിൽ മേള നവംബർ 28-ന് രാവിലെ 10 മണിക്ക് നടക്കും. https://shorturl.at/Ncvcg ലിങ്കിൽ രജിസ്റ്റർ ചെയ്തോ സ്പോട്ട് രജിസ്ട്രേഷൻ വഴിയോ പങ്കെടുക്കാം. ഫോൺ : 0481-2731025, 9495628626, 6282317660
പി.ആർ.ഒ/1062/2026

വാക്-ഇൻ-ഇന്റർവ്യൂ

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബയോ സയൻസസിൽ കരാർ അടിസ്ഥാനത്തിൽ മെഡിക്കൽ ലാബ് ടെക്നോളജിസ്റ്റിന്റെ 2 ഒഴിവുണ്ട്, വേതനം ₹20,000 വാക്-ഇൻ-ഇന്റർവ്യൂ ഡിസംബർ 10-ന് രാവിലെ 11 മണിക്ക് നടക്കും.

യോഗ്യതയുള്ളവർ പൂരിപ്പിച്ച അപേക്ഷയും അസ്സൽ സർട്ടിഫിക്കറ്റുകളും സഹിതം രാവിലെ 10 മണിക്ക് എഡി എ 5 സെക്ഷനിൽ ഹജരാകണം.
പി.ആർ.ഒ/1063/2026

പരീക്ഷാ ഫലം

ഒന്നാം സെമസ്റ്റർ എംഎ ഹിസ്റ്ററി, എംഎ ഇംഗ്ലീഷ്, എംഎ മലയാളം, എംഎ ഇക്കണോമിക്സ്, സയൻസ്, എംഎ അറബിക് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ പ്രൈവറ്റ് രജിസ്ട്രേഷൻ (സിഎസ്എസ്) (2024 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020-2024 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) മെയ് 2026 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനക്കും ഡിസംബർ 11 വരെ ഓൺലൈനായി അപേക്ഷിക്കാം.

ഒന്നാം സെമസ്റ്റർ എംഎ പൊളിറ്റിക്കൽ സയൻസ് പ്രൈവറ്റ് രജിസ്ട്രേഷൻ (സിഎസ്എസ്) (2024 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020-2024 അഡ്മിഷനുകൾ സപ്ലിമെന്ററി, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) മെയ് 2026 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനക്കും ഡിസംബർ 10 വരെ ഓൺലൈനായി അപേക്ഷിക്കാം.

ഒന്നാം സെമസ്റ്റർ എംഎസ്.സി മാത്തമാറ്റിക്സ് പ്രൈവറ്റ് രജിസ്ട്രേഷൻ (സിഎസ്എസ്) (2024 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020-2024 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) മെയ് 2026 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനക്കും ഡിസംബർ 11 വരെ ഓൺലൈനായി അപേക്ഷിക്കാം.

രണ്ടാം സെമസ്റ്റർ ബിവോക് (2024 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019-2024 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) ഏപ്രിൽ 2026 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനക്കും ഡിസംബർ 11 വരെ ഓൺലൈനായി അപേക്ഷിക്കാം.
പി.ആർ.ഒ/1064/2026

പ്രാക്ടിക്കൽ

അഞ്ചാം സെമസ്റ്റർ ബിഎ മ്യൂസിക് വയലിൻ മോഹിനിയാട്ടം (സിബിസിഎസ്) (2020-2023 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2017,2018 അഡ്മിഷനുകൾ മെഴ്സി ചാൻസ്) ഒക്ടോബർ 2026 പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ 30ന് തൃപ്പൂണിത്തുറ

ആർഎൽവി കോളേജ് ഓഫ് മ്യൂസിക്ക് ആൻഡ് ഫൈൻ ആർട്സിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.
പി.ആർ.ഒ/1065/2026
പബ്ലിക് റിലേഷൻസ് ഓഫീസർ